




# NEWS LETTER

ICAR

CARD WEB OF LIFE

July-December 2023

Vol. 21 | No.2


## ഡ്രോണിന്റെ സാധ്യതകൾ കൃഷിക്ക് തുണയാകുന്നു



കാർഷിക പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ ഉതകുന്ന ഡ്രോണിന്റെ ഉപയോഗം കാർഷിക മേഖലയുടെ സുസ്ഥിര വളർച്ചയ്ക്കും വികസനത്തിനും നാഴികക്കല്ലായിരിക്കുകയാണ്. കൃത്യസമയത്ത് കാർഷിക പ്രവർത്തനങ്ങൾ അനുവർത്തിക്കുക എന്നത് മികച്ച വിളവ് ഉറപ്പുവരുത്തുന്നതിനും വിള നാശം ലഘൂകരിക്കുന്നതിനും പരമപ്രധാനമാണ്. നൂതന സാങ്കേതികവിദ്യയായ ഡ്രോണിന്റെ ഉപയോഗത്തിലൂടെ ഇപ്പോൾ കർഷകർക്ക് അവരുടെ വിളകൾ തൽസമയം നിരീക്ഷിക്കാനും ആരോഗ്യ നിലവാരം മനസ്സിലാക്കാനും കീടരോഗങ്ങൾ തിരിച്ചറിയാനും സാധിക്കുന്നു. അതോടൊപ്പം രാസവളങ്ങളുടെയും കീടനാശിനികളുടെ ഉപയോഗം കാര്യക്ഷമമായും കൃത്യതയോടും കൂടി ചുരുങ്ങിയ സമയത്തിൽ ചെയ്യുന്നു.ഉൽപാദന ഉപാധികൾ പാഴായി പോകാതെ പരമാവധി പ്രയോജനപ്പെടുത്താം എന്നതും ഇതിന്റെ സവിശേഷതയാണ്. കേന്ദ്ര കൃഷി കർഷക ക്ഷേമ മന്ത്രാലയത്തിന്റെ സാമ്പത്തിക സഹായത്തോടെ ഭാരതത്തിലെ കെവികെ മുഖേന ഡ്രോണുകൾ കർഷകർക്ക് ലഭ്യമാക്കാനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചു കഴിഞ്ഞു. അതുകൊണ്ടു തന്നെ കാർഷിക മേഖലയിൽ ഡ്രോൺ ഉപയോഗം വർദ്ധിക്കുന്നത് ഉൽപാദനക്ഷമത മെച്ചപ്പെടുന്നതിനും സമഗ്രമായ വികസനത്തിനും വഴി തെളിക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം.

**ഡോ. സി.പി.റോബർട്ട്**
സീനിയർ സയന്റിസ്റ്റ് & ഹെഡ്

## പട്ടികജാതി ഉപ പദ്ധതി നടപ്പിലാക്കി



2023–24 വർഷത്തേക്കുള്ള പട്ടികജാതി ഉപപദ്ധതി ഓഗസ്റ്റ് 16ന് പത്തനംതിട്ട ജില്ലയിൽ ഇലന്തൂർ ബ്ലോക്കിൽ ചെന്നീർക്കര പഞ്ചായത്തിലെ ആത്രപ്പാട്ട് കോളനിയിൽ ആരംഭിച്ചു. കാർഷിക വിളകൾ, കന്നുകാലികൾ, കോഴി വളർത്തൽ, മത്സ്യബന്ധനം എന്നിവയിൽ ശാസ്ത്രീയമായ സാങ്കേതിക ഇടപെടലുകളിലൂടെ പട്ടികജാതി കർഷകരുടെയും പട്ടികജാതി കുടുംബങ്ങളുടെയും ഉപജീവന മാർഗം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടുകൂടിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയത്. പരിപാടിയുടെ ഉദ്ഘാടനം ബംഗളൂരുവിലെ ICAR-ATARI ഡയറക്ടർ ഡോ. വി. വെങ്കിടസുബ്രഹ്മണ്യൻ നിർവഹിച്ചു. കൃഷി വിജ്ഞാന കേന്ദ്രം മേധാവിയും സീനിയർ സയന്റിസ്റ്റുമായ ഡോ. സി.പി റോബർട്ട് മുഖ്യപ്രഭാഷണം നടത്തുകയും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ജോർജ് തോമസ് അധ്യക്ഷത വഹിക്കുകയും ചെയ്തു. പദ്ധതിയുടെ ഭാഗമായി ആത്രപ്പാട്ട് കോളനിയിലെ 65 ആളുകളെ ഉൾപ്പെടുത്തിക്കൊണ്ട് ഗ്രോബാഗിലെ പച്ചക്കറി കൃഷി, കോഴി വളർത്തൽ, ഫലവൃക്ഷങ്ങളുടെ പരിപാലനം, തേനീച്ച വളർത്തൽ എന്നീ മേഖലകളിലുള്ള പരിശീലനങ്ങൾ സംഘടിപ്പിച്ചു. ഇതിന്റെ ഭാഗമായി ഹൈടെക് കോഴിക്കൂടുകൾ, ബ്രഷ് കട്ടർ, ഫലവൃക്ഷങ്ങളുടെയും പച്ചക്കറികളുടെയും നടീൽ വസ്തുക്കൾ, മണ്ണും വളവും നിറച്ച ഗ്രോബാഗുകൾ തുടങ്ങിയവ വിതരണം ചെയ്യുകയുണ്ടായി.

## കേന്ദ്ര കൃഷി സഹമന്ത്രി ശോഭാ കരന്തലജെ കൈതകൃഷിയിടം സന്ദർശിച്ചു



കെവികെ യുടെ ആഭിമുഖ്യത്തിൽ വടശ്ശേരിക്കരയിലെ കൈതകൃഷിയിടം കേന്ദ്ര കൃഷി വകുപ്പ് സഹമന്ത്രി ശോഭ കരന്തലജെ സന്ദർശിച്ചു. വടശേരിക്കര പഞ്ചായത്തിലെ ശ്രീമതി സ്വപ്ന സൂസൻ ജേക്കബിന്റെ 10 ഏക്കർ കൃഷിയിടമാണ് മന്ത്രി സന്ദർശിച്ചത്. അഗ്രികൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ഉപയോഗിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സാദ്ധ്യതകൾ പ്രയോജനപ്പെടുത്തണമെന്ന് മന്ത്രി പറഞ്ഞു. ICAR സോൺ 11 ന്റെ ഡയറക്ടർ ഡോ.വി വെങ്കിട സുബ്രഹ്മണ്യൻ, കെവികെ മേധാവിമാരായ ഡോ. സി.പി. റോബർട്ട്, ഡോ. ജി ജയലക്ഷ്മി, കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഡോ. മീന മേരി, സബ്ജക്റ്റ് മാറ്റർ സ്പെഷ്യലിസ്റ്റുമാരായ ഡോ. വിനോദ് മാത്യു, ഡോ. റിൻസി കെ എബ്രഹാം തുടങ്ങിയവർ മന്ത്രിയോടൊപ്പം അനുഗമിച്ചു.


ICAR-Krishi Vigyan Kendra, CARD, Kolabhagom P.O., Thadiyoor, Thiruvalla, Kerala - 689 545
Tel : 0469-2662094, 2661821, E-mail : kvk.Pathanamthitta@icar.gov.in, Website : www.kvkcard.org.

# LIMELIGHTS

Krishi Vigyan Kendra organized a total of 90 trainings including skill development, vocational and extension personnel training programmes. During the period a total number of 2818 participants including 1277 female benefitted from the training programme.

## ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾക്കുള്ള ത്രിദിന പരിശീലനം




ജില്ലാ പഞ്ചായത്ത് ജനകീയാസൂത്രണം 2023-24 പദ്ധതി പ്രകാരം ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾക്കുള്ള ത്രിദിന പരിശീലന പരിപാടി കുടുംബശ്രീ ജില്ലാ മിഷന്റെ നേതൃത്വത്തിൽ കെവികെയിൽ സംഘടിപ്പിച്ചു, സമ്മേളനം ജില്ലാ പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ ശ്രീ. ജിജി മാത്യു ഉദ്ഘാടനം നിർവ്വഹിച്ചു. 16 പുതിയ ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾ ആരംഭിക്കുന്നതിന് പദ്ധതി പ്രകാരം ലക്ഷ്യമിടുന്നു. 30 പേർ പങ്കെടുക്കുന്ന പരിശീലനം നവംബർ 9 ന് സമാപിച്ചു

## നൈപുണ്യ വികസന പരിശീലനം



കെവികെയുടെ ആഭിമുഖ്യത്തിൽ പട്ടികജാതി ഉപ പദ്ധതിയുടെ ഭാഗമായി കേന്ദ്രസർക്കാർ സ്ഥാപനമായ NAARM ന്റെ സാമ്പത്തിക സഹായത്തോടുകൂടി പട്ടികജാതി വിഭാഗക്കാർക്ക് കൂൺ കൃഷിയിൽ നൈപുണ്യ വികസന പരിശീലനം ജൂലൈ 11 മുതൽ 15 വരെ സംഘടിപ്പിച്ചു. കേരള കാർഷിക സർവകലാശാല റിട്ട. പ്രൊഫ.ഡോ. എ.വി മാത്യു, ബാങ്ക് മാനേജർ ശ്രീ.അശ്വിൻ, കെവികെ സബ്ജറ്റ് മാറ്റർ സ്പെഷ്യലിസ്റ്റ്മാരായ ഡോ.ഷാനാ ഹർഷൻ, ശ്രീ. അലക്സ് ജോൺ എന്നിവർ പരിശീലനത്തിനു നേതൃത്വം നൽകി.

## വെളിച്ചെണ്ണ ചക്കിന്റെ പ്രവർത്തനം ആരംഭിച്ചു



കെവികെ യിൽ കേന്ദ്ര സർക്കാരിന്റെ പട്ടികജാതി വികസന ഫണ്ട് ഉപയോഗിച്ച് പട്ടികജാതി വിഭാഗക്കാർക്കായി വെളിച്ചെണ്ണ ആട്ടുന്ന ചക്ക് യൂണിറ്റിന്റെ പ്രവർത്തനം ആരംഭിച്ചു. എസ്.സി വിഭാഗത്തിൽപ്പെടുന്നവർക്ക് ഈ യൂണിറ്റിന്റെ പ്രവർത്തനം പൂർണമായും സൗജന്യമായിരിക്കും. കൂടാതെ ചക്കിലാട്ടിയ വെളിച്ചെണ്ണയുടെ നിർമ്മാണത്തിലും നാളികേരത്തിൽ നിന്നുള്ള വിവിധ മൂല്യവർദ്ധിത ഉൽപന്ന നിർമ്മാണത്തിലും തൊഴിലധിഷ്ഠിത പരിശീലനങ്ങളും നൽകപ്പെടും. ICAR-NAARM ഡയറക്ടർ ഡോ.സി.ശ്രീനിവാസ റാവു ഓഗസ്റ്റ് 16ന് ഉദ്ഘാടനം നിർവഹിച്ചു. ICAR-ATARI, ബംഗളൂരു ഡയറക്ടർ ഡോ. വി. വെങ്കിട സുബ്രഹ്മണ്യൻ സമ്മേളനത്തിൽ മുഖ്യാതിഥിയും കാർഡ് ഡയറക്ടർ റവ.മോൻസി വർഗീസ് അധ്യക്ഷത വഹിക്കുകയും ചെയ്തു.

## ക്ഷീരകർഷകമേളയും മൃഗ ആരോഗ്യ ക്യാമ്പും




കെവികെ യുടെയും ഏറത്ത് കർഷക ഉത്പാദക സംഘടനയുടേയും ആഭിമുഖ്യത്തിൽ പറക്കോട് ബ്ലോക്കിൽ വച്ച് ഒക്ടോബർ 25ന് ക്ഷീരകർഷകമേള സംഘടിപ്പിച്ചു. കന്നുകാലികളിലെ ശാസ്ത്രീയമായ രോഗനിയന്ത്രണം, കീട പരാദ നിയന്ത്രണത്തിനു ഉപയോഗിക്കുന്ന വിവിധ തരത്തിലുള്ള ലേപനങ്ങളുടെ ഉപയോഗരീതി എന്നീ വിഷയങ്ങളിൽ പരിശീലനവും പ്രദർശനവും സംഘടിപ്പിച്ചു. പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ച മൃഗ ആരോഗ്യ ക്യാമ്പിൽ ഏകദേശം നൂറോളം കന്നുകാലികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിച്ചു. ഏറത്ത് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. സന്തോഷ് ചാത്തമ്പുഴ പരിപാടി ഉദ്ഘാടനം ചെയ്തു. കെവി കെ സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റ് ഡോ.സെൻസി മാത്യു പരിശീലനത്തിന് നേതൃത്വം നൽകി.

## ENTREPRENEURSHIP DEVELOPMENT PROGRAMME (EDP)



EDP on "Incubation and scientific egger nursery management" was organised in collaboration with Navajeeva Kendra Deaddiction centre, Malayalapuzha from 10th Oct 2023. The EDP included theory as well as practical sessions on the incubation, setting up of brooders and scientific management of chicks, general management and vaccination of birds. The valedictory function was inaugurated by Dr. V. Venkatasubramanian, Director, ICAR-ATARI, Bengaluru. The technical session was lead by Dr. Sency Mathew, SMS (Animal Sc.).

## ARYA PROJECT ACHIEVEMENT

- EDP on "Poultry farming" organized from 20-24th Nov. 2023. As part of training, youths were given hand on experience training on topics like Orientation to scientific Poultry rearing and management. Exposure visit to the Cage construction unit of Sri. Ajay Simon was arranged. The technical session was lead by Dr. Sency Mathew, SMS (Animal Science), KVK.

- യുവാക്കൾക്കായി തേനീച്ച വളർത്തലിൽ 5 ദിവസം നീണ്ടുനിന്ന നൈപുണ്യ വികസന പരിശീലനം സംഘടിപ്പിച്ചു. വിവിധതരം തേനീച്ചകൾ അവയുടെ ജീവിത രീതികൾ, പരിപാലനം, തേനീച്ച കൂടു നിർമ്മാണം അവയുടെ പരിപാലനം, വിളവെടുപ്പ്, പാക്കേജിങ്ങും വിപണനവും മൂല്യ വർദ്ധനവും തുടങ്ങിയ വിഷയങ്ങളിൽ വിശദമായ പരിശീലനം സംഘടിപ്പിച്ചു. കെവികെ സസ്യസംരക്ഷണ വിഭാഗം സബ്ജറ്റ് മാറ്റർ സ്പെഷ്യലിസ്റ്റ് ശ്രീ.അലക്സ് ജോൺ പരിശീലനത്തിന് നേതൃത്വം നൽകി.





## TECHNOLOGY ASSESSMENT

### Assessment of watermelon as a summer crop for enhancing profitability

An assessment of performance of watermelon "Arka Shyama", Open pollinated watermelon released by IIHR-ICAR was conducted at Kaviyoor Panchayat in the district and was compared with The farmer's practice of cultivationg Sugar baby var. and the seedless var. Shonima of KAU. Average yield obtained was 42.6t/ ha and crop become ready for harvest in 65-75 DAP compared to 80-85 DAP in Sugar baby var. The early maturity enables farmers to obtain better price and take multiple crops.



### Okra hybrids for enhancing productivity and profitability



To overcome the problem of low profitability assessment of Arka Nikita, Hybrid Okra released by IIHR-ICAR was conducted and compared with the local variety. Arka Nikita showed excellent growth and yield compared to the local varieties. An average yield of 18.4t/ha. was obtained and is free from viral diseases. The result infers that Arka Nikita is identified as the best Hybrid suitable for summer cultivation under drip fertigation and has a price of Rs 50/kg.

### Assessment of different varities of broiler ducks




An assessment of different varieties of broiler duck was done to find out the best feasible variety for the duck farmers. The result showed that average live weight at 60 days was found to be 2.98 kg for Vigova Super M and 2.65 kg for Snow white variety whereas the Chara chemballi (male birds ) could attain around 1.25kg body weight by 2 months . The Feed conversion ratio was found to be 1.75 for Vigova and 1.84 for snow white.

## കമ്പോസ്റ്റ് യൂണിറ്റുകളുടെ വിതരണം നടത്തി



കെവികെയുടെ നേതൃത്വത്തിൽ കൊറ്റനാട് പഞ്ചായത്തിന്റെ സഹകരണത്തോടെ സ്വച്ഛ് ഭാരത് പദ്ധതിയോട് അനുബന്ധിച്ച കമ്പോസ്റ്റ് യൂണിറ്റുകളുടെ വിതരണ ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് ശ്രീ പ്രകാശ് പി സാം നിർവ്വഹിച്ചു. പഞ്ചായത്ത് അംഗം ശ്രീമതി എലിസബത്ത് ഫിലിപ്പിന്റെ അദ്ധ്യക്ഷതയിൽ നടന്ന പരിപാടിയിൽ കെവികെ മേധാവി ഡോ.സി.പി.റോബർട്ട് മുഖ്യപ്രഭാഷണം നടത്തി. കെവികെ സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റ് ശ്രീ. അലക്സ് ജോൺ കമ്പോസ്റ്റ് യൂണിറ്റിന്റെ പ്രാധാന്യത്തെപ്പറ്റി വിശദീകരിച്ചു.

## TECHNOLOGY DEMONSTRATION

### IoT based smart Dairy Farming: An innovative digitalized approach for Cattle monitoring and Management



KVK for the first time in the district introduced a livestock health monitoring and tracking system that use an Internet of Things (IoT) ear tag and a unique machine learning algorithm to identify sick and cycling animals and alert farmers accordingly through their smart phones. KVK, Pathanamthitta initiated the demonstration of IoT based smart dairy farming at Amrutadhara Gaushala, Koipuram Block on 15th November 2022. The advantages includes early detection of disease and stress in cows by 66% over check, easy detection of change in activities of the animal like sitting, standing, Walking, Eating, drinking and rumination thereby helping to observe the animal better for any sign of illness and alerts of Temperature humidity index helps in reducing the stress of the animal by cool it

### Customized fertilizer and liquid foliar micronutrient mixture for increasing growth and yield of Elephant foot yam




To overcome the problem of unbalanced fertilizer use and to study the performance of customized fertilizer and liquid foliar micronutrient mixture for increasing growth and yield of Elephant foot yam, a frontline demonstration was conducted in 0.4 ha area in the district. The technology includes Customized fertilizer @ 30g per plant at 30 and 45 days after planting and Liquid foliar micronutrient mixture application @5ml/lit water at 15,30 and 45 days after plant emergence. Average Yield obtained in demo plot was 36.0 t/ha as compared to 32.8 t/ha in the Check plot i.e and increase of 9.75 5 increase in yield.

### Effect of Calcium and Boron in Gamboge Management in Mangosteen




Demonstration on the application of Calcium and Boron in Gamboge management in Mangosteen was done in 5 farmers plot the district. The technology included Application of Calcium and Boron using Calcium Nitrate and Ayar . Soil application of Ayar @500g/tree in 1st week of December and 1st week of February and Foliar application of Calcium Nitrate @5g/tree in 1st week of December, 1st Week of February, One Month after flowering and 3 Months after flowering. The technology resulted in average Gumboge free yield of 7.9 t/ ha and 3.3 t/ha in Check plots. Benefit cost ratio obtained was 4.4 in treated plots compared to 2.2 in check plots.

ICAR-Krishi Vigyan Kendra, CARD, Kolabhagom P.O., Thadiyoor, Thiruvalla, Kerala - 689 545
Tel : 0469-2662094, 2661821, E-mail : kvk.Pathanamthitta@icar.gov.in, Website : www.kvkcard.org.

# IMPORTANT DAY CELEBRATIONS

## ലോക ഭക്ഷ്യദിനാചരണം



ലോക ജൂനിയർ ഭക്ഷ്യ ദിനമായ ഒക്ടോബർ 19 ന് സ്കൂൾ കുട്ടികൾക്കായി വിഭവ മില്ലറ്റ് മത്സരവും പോസ്റ്റർ മത്സരവും സംഘടിപ്പിച്ചു. ചെറുധാന്യങ്ങളിൽനിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രദർശനവും ഉണ്ടായിരുന്നു. ഉദ്ഘാടനം കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി കെ.കെ. വത്സല നിർവ്വഹിച്ചു. എഴുമറ്റൂർ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ജിജി പി. എബ്രഹാം അധ്യക്ഷത വഹിച്ചു. മില്ലറ്റ് അധിഷ്ഠിത മൂല്യവർദ്ധിത ഉത്പന്നങ്ങളെ കുറിച്ച് ഡോ. ഷാന ഹർഷൻ പരിശീലനം നൽകി.

## WORLD SOIL DAY



KVK celebrated world soil day 2023 at Pallickal Panchayat in Parakode block. The progarmme was inaugurated by Smt. Susheela Kunjamma, President, Pallickal Panchayat. Awareness programme on the topic 'Soil Health Card Scheme and its significance' was organized for the benefit of farmers and the session was led by Dr. Vinod Mathew, SMS(Agronomy). As part of the programme an exhibition of different soil types of Kerala and available Fertilizers was also arranged for creating awareness among the farming community.

## ലോക ജന്തുജന്യ രോഗദിനം



കെവികെയുടെ നേതൃത്വത്തിൽ കുന്നന്താനം പഞ്ചായത്തിലെ ആഞ്ഞിലിത്താനം മോഡൽ ന്യൂ എൽ. പി. സ്കൂളിൽ വച്ച് ലോക ജന്തുജന്യ രോഗദിനം ആചരിച്ചു. മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ബിന്ദു ചന്ദ്രമോഹൻ ഉദ്ഘാടനം നിർവഹിച്ചു. കെവികെ മേധാവി ഡോ.സിപി റോബർട്ട് മുഖ്യപ്രഭാഷണം നടത്തി. ലോക ജന്തുജന്യ രോഗദിനാചരണത്തിന്റെ പ്രാധാന്യം ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ലോഗോ പ്രകാശനം കുന്നന്താനം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് പ്രൊഫസർ എൻ കെ. മധുസൂദനൻ നായർ നിർവഹിച്ചു. മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് അംഗം ശ്രീ. സി. എൻ. മോഹനൻ കുട്ടികൾക്കുള്ള കിറ്റ് വിതരണം ചെയ്തു. സ്കൂൾ കുട്ടികൾക്കായി 'ജന്തുജന്യ രോഗങ്ങളും മനുഷ്യാരോഗ്യവും' എന്ന വിഷയത്തിൽ കെ വി കെയിലെ സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റ് ഡോ. സെൻസി മാത്യു സെമിനാർ നയിച്ചു.



PM KISSAN SAMMAN NIDHI

## INTER-KVK CROSS LEARNING EXPOSURE VISIT



Dr. Srinivasa Rao, ICAR-NAARM, Hyderabad, Dr. V. Venkatasubramanian, Director, ICAR-ATARI, Bengaluru, Heads of 14 KVK's from Karnataka and Kerala visited KVK, PTA from 16th to 18th August.

## ACHIEVEMENTS



**Dr. Vinod Mathew**, Subject Matter Specialist (Agronomy) was awarded Ph.D in Environmental Science from Mahathma Gandhi University, Kottayam.

Topic : integrated nutrient management strategy in cassava with special Emphasis to Arbuscular Mycorrhizal Fungi(AMF)



Swachh Pakhwada



Swachhta hi seva

## FARMER'S COLUMN

Philip Kurien T., Thazhattumalayil, Cherayirambu., 8921870652

### ഫിലിപ്പിന്റെ ഫാം വിശേഷങ്ങൾ



സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദം കരസ്ഥമാക്കി 10 വർഷത്തോളം യുഎഇയിൽ ജോലി ചെയ്ത് 2016 ൽ നാട്ടിൽ തിരിച്ചെത്തി കാർഷിക സംരംഭക രംഗത്ത് തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ചയാളാണ് പത്തനംതിട്ട ജില്ലയിലെ മാരാമൺ സ്വദേശി ശ്രീ. ഫിലിപ്പ് കുര്യൻ ടി. 150 ഓളം മാങ്കോസ്റ്റിനുകളും 15 ഓളം റമ്പൂട്ടാനുകളും കൃഷി ചെയ്യുന്ന തന്റെ തോട്ടത്തിൽ കള നിയന്ത്രണം സാധ്യമാക്കുന്നതിനായി 2017 ൽ പൗൾട്രി യൂണിറ്റുകളും മുയൽ വളർത്തലും ആരംഭിച്ചു. ഇപ്പോൾ ഏകദേശം 350 ഓളം BV380 കോഴികളും 200 ഓളം താറാവുകളും ടർക്കിയും ഫിലിപ്പിന്റെ ഫാമിൽ യഥേഷ്ടം വിഹരിക്കുന്നു. കൃഷി വിജ്ഞാന കേന്ദ്രത്തിൽ നിന്നും ലഭിച്ച പരിശീലനങ്ങളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ മണ്ണിരകളെയും കറുത്ത പട്ടാള പുഴുക്കളെയും ഉപയോഗിച്ച് മാലിന്യങ്ങളെ കാര്യക്ഷമമായി കമ്പോസ്റ്റാക്കി മാറ്റി കൃഷിയിടത്തിൽ തന്നെ വിനിയോഗിക്കുന്നു. ഇദ്ദേഹത്തിന്റെ 'അഗ്രോ മാക് ചിക്കൻ & ഡക്ക് എഗ്ഗ്സ്' എന്ന ബ്രാൻഡിൽ മുട്ടകളും 'അഗ്രോ മാക് എക്സോട്ടിക് ഫ്രൂട്ട്' എന്ന ബ്രാൻഡിൽ ഫലങ്ങളും വാങ്ങാൻ വിപണിയിൽ ആവശ്യക്കാർ ഏറെയാണ്. ഇതുകൂടാതെ മണ്ണിര കമ്പോസ്റ്റും ബ്ലാക്ക് സോൾജിയർ ഫ്ലൈ ഫ്രാസ്സും ഇക്കോ ഷോപ്പുകളിലൂടെയും മറ്റും കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്. സമാന ചിന്താഗതിക്കാരായ സംരംഭകരോടൊപ്പം തോട്ടപ്പുഴശ്ശേരി കൃഷിഭവന്റെ പിൻബലത്തിൽ 'സമൃദ്ധി' എന്ന പേരിൽ ഒരു ഇക്കോ ഷോപ്പും നടത്തിവരുന്നു.

Printed @ J.J. Graphic, Plankamon, 7025773070

Printed and Published by : Dr. C.P. Robert, Senior Scientist & Head, Editors : Dr.Sindhu Sadanandan & Ms.Gayathri S.